**SUPRABHATHAM - 26-06-2025**

# ദേശീയ ശിൽപശാല സിഫ്റ്റിൽ

**മട്ടാഞ്ചേരി** ▸ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റിൽ മത്സ്യ മേഖലയിലെ നിരീക്ഷണങ്ങളെക്കുറിച്ചുള്ള ദേശീയ ശില്പശാല ഇന്ന് സംഘടിപ്പിക്കുന്നു. ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ ഇന്ത്യൻ ബ്രാഞ്ചുമായി സഹകരിച്ചാണ് ശില്പശാല സംഘടിപ്പിക്കുന്നത്. കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി സാഗർ മെഹ്റ ശില്പശാല ഉദ്ഘാടനം ചെയ്യും. ശില്പശാലയിൽ സാങ്കേതിക സെഷനുകളും വിദഗ്ധരുടെ പാനൽ ചർച്ചകളും ഉണ്ടായിരിക്കും. കേന്ദ്രസംസ്ഥാന ഫിഷറീസ് വകുപ്പുകൾ, ഐ.സി.എ.ആർ ഗവേഷണ സ്ഥാപനങ്ങൾ, എഫ്.എസ്.എസ്.എ.ഐ, എം.പി.ഇ.ഡി.എ, ഇ.ഐ.സി, എൻ.ജി.ഒകൾ, അക്കാദമിക് സ്ഥാപനങ്ങൾ, സമുദ്രോത്പന്ന വ്യവസായങ്ങൾ എന്നിവയിൽ നിന്നുള്ള വിദഗ്ധർ ശില്പശാലയിൽ പങ്കെടുക്കും.